**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2227** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ആയുർവേദ പഞ്ചകർമ്മ ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാതിവഴിയിൽ നിർമ്മാണം നിലച്ച ആലപ്പുഴയിലെ ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിനായി കെട്ടിടത്തിന്റെ പുനർനിർമ്മാണം നിലവിലുള്ള സ്ട്രക്ച്ററിൽ തുടങ്ങണമോ അല്ലെങ്കിൽ ഡെമോളിഷ് ചെയ്തു പുതിയ കെട്ടിടം നിർമ്മിക്കണമോ എന്നുള്ള കാര്യം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയർ (PWD കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എൻജിനിയർ (LSGD), എക്സിക്യൂട്ടീവ് എൻജിനിയർ (ഹാർബർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി 17/05/2024 ൽ ആലപ്പുഴ ജില്ലാകളക്ടർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 23/05/2024 ൽ സൈറ്റ് സന്ദർശിക്കുകയും റിപ്പോർട്ട് നൽകുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021-ൽ ചേർന്ന ആശുപത്രി സൊസൈറ്റിയുടെ യോഗതീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഗവ. ആയുർവേദ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 24.02.2021 ൽ ബഹു.ആരോഗ്യ വകുപ്പ് മന്ത്രി അവർകളുടെ അധ്യക്ഷതയിൽ ചേർന്ന ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി സൊസൈറ്റിയുടെ യോഗതീരുമാനപ്രകാരം താഴെ പറയുന്ന നടപടി സ്വീകരിച്ചു.<br><br>1. ജി ഒ (ആർ റ്റി)നം. 139/2021/ആയുഷ് തീയതി 6/3/2021 പ്രകാരം ഹൈ ലെവൽ കമ്മിറ്റി രൂപീകരിച്ചു ടി ഉന്നതതല കമ്മിറ്റി കോളേജ് ഓഫ് എൻജിനീയറിങ് ട്രിവാൻഡ്രം സമർപ്പിച്ച റെക്റ്റിഫിക്കേഷൻ വർക്ക് റിപ്പോർട്ട് പരിശോധിച്ചു.<br><br>2. ഹൈ ലെവൽ കമ്മിറ്റി അംഗങ്ങൾ 4 പ്രാവശ്യം യോഗം കൂടുകയും 2 പ്രാവശ്യം സൈറ്റ് സന്ദർശിക്കുകയും ചെയ്തു. റെക്റ്റിഫിക്കേഷൻ പ്രൊപ്പോസൽ അംഗീകരിച്ചു.<br><br>3. ഹൈ ലെവൽ കമ്മിറ്റിയുടെ അപ്രൂവൽ ലഭിച്ച റെക്റ്റിഫിക്കേഷൻ പ്രൊപ്പോസൽ ഹിന്ദുസ്ഥാൻ പ്രീ- |

| | | | |
|---|---|---|---|
| | | | ഫാബ് ലിമിറ്റഡിന് നൽകി.<br><br>4. റെക്ടിഫിക്കേഷൻ വർക്ക് HPL നടത്തിയില്ല. റെക്ടിഫിക്കേഷൻ വർക്ക് പൂർത്തിയാക്കാൻ സാധിക്കില്ല എന്ന വിവരം 17.03.2022 ന് HPL രേഖാമൂലം അറിയിക്കുകയുണ്ടായി.<br><br>5. ഇതേ തുടർന്ന് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ എടുക്കുന്നതിനായി 25/03/2022 ൽ ഗവേണിംഗ് ബോഡി കൂടുകയും ടി യോഗ തീരുമാനപ്രകാരം നിയമ നടപടി ഉൾപ്പെടെയുള്ള തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് HPL നു 13/07/2022 ൽ കാരണം കാണിക്കൽ നോട്ടീസ് അയച്ചു.<br><br>6. റെക്ടിഫിക്കേഷൻ വർക്ക് ചെയ്തു നൽകാത്തതിനാൽ 01/02/2024 ൽ കൂടിയ ഗവേണിംഗ് ബോഡി തീരുമാനപ്രകാരം HPL നെതിരെ നിയമ നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ആയുർവേദ പഞ്ചകർമ്മ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിനായി കെട്ടിടത്തിന്റെ പുനർനിർമ്മാണം നിലവിലുള്ള സ്ട്രക്ച്റിൽ തുടങ്ങണമോ അല്ലെങ്കിൽ ഡെമോളിഷ് ചെയ്തു പുതിയ കെട്ടിടം നിർമ്മിക്കണമോ എന്നുള്ള കാര്യം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയർ (PWD കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എൻജിനിയർ (LSGD), എക്സിക്യൂട്ടീവ് എൻജിനിയർ (ഹാർബർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി 17/05/2024 ൽ ആലപ്പുഴ ജില്ലാകളക്ടർ രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി 23/05/2024 ൽ സൈറ്റ് സന്ദർശിക്കുകയും റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ